LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിയെയും പരാതിക്കാരെയും വരുത്തി. 2-8-2005-ൽ ആർ.ഡി.ഒ. വിളയൂർ പഞ്ചായത്ത് വികസന ഓഫീസർ സഹിതം വാർഡുകളുടെ അതിർത്തി പരിശോധിച്ചു physical verification നടത്തി. ഇന്ന് സെക്രട്ടറിയോട് ആർ.ഡി.ഒ.യുടെ അടുക്കൽ ചെല്ലാൻ പറഞ്ഞിരിക്കുകയാണ്. 27-5-2005-ന് തുടങ്ങിയ പ്രക്രിയയാണ്. ഇന്നുവരെ Delimitation Commission-ന്റെ അവസാനതീർപ്പ് വിളയൂർ പഞ്ചായത്തിൽ പ്പോലും വന്നിട്ടില്ല. കൊപ്പം ഗ്രാമപഞ്ചായത്തിലും വന്നിട്ടില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഒന്നുകിൽ ഡിലിമിറ്റേഷൻ കമ്മീഷന് വിട്ടുകൊടുക്കുക. അവർ തീരുമാനിക്കട്ടെ. അവർ തീരുമാനിച്ചു പറഞ്ഞ് പഞ്ചായത്ത് സെക്രട്ടറി കളക്ടറേറ്റിലേക്ക് കൊണ്ടുവരും, തിരിച്ചുവരും, തൃശ്ശൂരു, പോകും, തിരുവനന്തപുരത്തു പോകണം, വീണ്ടും തിരിച്ചുപോകണം—എന്തിനുവേണ്ടിയാണിത്? അതുകൊണ്ട് delimitation പ്രക്രിയ ഇത്രാം തീയതിക്കകം പൂർത്തീകരിക്കും എന്നെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഈ എട്ടാം ഭേദഗതി നിയമത്തിന്റെ മറുപടിയുടെ ഭാഗമായി പറയണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്രയും കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്.

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. വി. ഡി. സതീശൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഒന്നാം വായന സമയത്ത് വളരെ വിശദമായി ഇതിനെക്കുറിച്ച് സംസാരിച്ചതുകൊണ്ടും പ്രത്യേകമായി പുതിയ ഭേദഗതികൾ നിർദ്ദേശിക്കാനില്ലാത്തതുകൊണ്ടും ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു; സംസാരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, ഈ എട്ടു ബില്ലുകളും വളരെ തുറന്നമനസ്സോടെ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ, മിനിസ്റ്റർ, അങ്ങ് ആദ്യത്തെ ബില്ലിനെക്കുറിച്ച് പറയൂ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇവിടെ ആദ്യത്തെ ബില്ലിൽത്തന്നെ വളരെ തുറന്ന മനസ്സോടെ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതാണ്- പഞ്ചായത്ത്/മുനിസിപ്പാലിറ്റി നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ചില വിഷമതകൾ ഒഴിവാക്കാൻവേണ്ടി അനിവാര്യമായ ചില ഭേദഗതികളാണ് ഇവിടെ

അവതരിപ്പിച്ചത്. ഭരണകക്ഷിയും പ്രതിപക്ഷവും എന്ന പരിഗണനയില്ലാതെ ഗവൺമെന്റിന് യുക്തമെന്നു തോന്നിയ എല്ലാ ഭേദഗതികളും ഉൾക്കൊണ്ടുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റി തീരുമാനമെടുത്തത്. കൂടുതലായി ഒന്നും ഇക്കാര്യത്തിൽ പറയുന്നില്ല. ബാക്കി കാര്യങ്ങൾക്ക് മൂന്നാം വായനയിൽ മറുപടി പറയാം. ഭേദഗതികൾ നിരാകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഈ ബിൽ കഴിഞ്ഞാലുടൻ അപ്രോപ്രിയേഷൻ ബിൽ എടുക്കണം. അടുത്ത ബില്ലിലേക്ക് പോകാനൊക്കില്ല. കാരണം, അപ്രോപ്രിയേഷൻ ബിൽ 12.30-ന് എടുക്കേണ്ടതായിരുന്നു അല്ലെങ്കിൽ അപ്രോപ്രിയേഷൻ ബിൽ പിന്നീട് എടുത്താൽമതി എന്ന കാര്യം സഭ തീരുമാനിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ്

ശ്രീ. എ. എ. അസീസ്: സർ, 88-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(88) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 19(8)-ൽ "സംസാരിക്കാൻ പാടില്ലാത്തതും അദ്ദേഹത്തിന്" എന്നീ വാക്കുകൾക്കു പകരം "സംസാരിക്കാൻ പാടില്ലാത്തതും ഒരു കാസ്റ്റിംഗ് വോട്ട് എന്നതൊഴികെ അദ്ദേഹത്തിന്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 90-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(90) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 19(8)-ൽ "വോട്ട് ചെയ്യുന്നതിന് അവകാശമില്ലാത്തതുമാകുന്നു" എന്നതിന് പകരം "വോട്ട് ചെയ്യാൻ അവകാശമില്ലാത്തതും, യാതൊരു വിധത്തിലുള്ള ഇടപെടലുകളും ഉണ്ടാകാൻ പാടില്ലാത്തതുമാകുന്നു" എന്ന് ചേർക്കുക.

ശ്രീ. എം. എ. വാഹീദ്: സർ, 92-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(92) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 19(8) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(8) യോഗത്തിൽ അദ്ധ്യക്ഷനായിരിക്കുന്ന ഉദ്യോഗസ്ഥൻ, പ്രമേയ അവതരണം മുതൽ അവസാനം വരെ പ്രസ്തുത പ്രമേയത്തിന്റെ ന്യായാന്യായങ്ങളെപ്പറ്റി സംസാരിച്ചുകൂടാത്തതും, അദ്ധ്യക്ഷം വഹിക്കുന്ന ഉദ്യോഗസ്ഥന് പ്രമേയത്തിന്റെ വോട്ടെടുപ്പിൽ വോട്ടവകാശം ഇല്ലാത്തതുമാകുന്നു".

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ.കെ. കുട്ടി അഹമ്മദ് കുട്ടി)*: ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 88-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 92-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 93, 94 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(93) ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 22(1) (കെ)യിൽ "ദാരിദ്ര്യനിർമ്മാർജ്ജനം" എന്നതിനുശേഷം "സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

(94) ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 22-ൽ "ദാരിദ്ര്യനിർമ്മാർജ്ജനം" എന്ന വാക്കിനുശേഷം "വികലാംഗരുടെ ക്ഷേമം മാലിന്യസംസ്കരണം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ദാരിദ്ര്യനിർമ്മാർജ്ജനത്തോടൊപ്പം സാമൂഹ്യ സുരക്ഷാ പ്രവർത്തനവും വികലാംഗരുടെ ക്ഷേമവും സംബന്ധിച്ച് പഞ്ചായത്തിന് കുറേ കാര്യങ്ങൾ ചെയ്യാവുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അധികാരങ്ങൾ കൊടുത്താൽ കാര്യങ്ങൾ ചെയ്യാൻ കഴിയും. അതുകൊണ്ട് ഈ ഭേദഗതികൾ അംഗീകരിക്കാവുന്നവയാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, 95-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(95) ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 22(1) (കെ)യിൽ (1) "ദാരിദ്ര്യനിർമ്മാർജ്ജനം" എന്നതിനുശേഷം "മുതിർന്ന പൗരൻമാരുടെ ക്ഷേമം" എന്നീ വാക്കുകൾ ചേർക്കുക.

(2) അവസാനമായി താഴെപ്പറയുന്ന വിശദീകരണം ചേർക്കുക:

"*വിശദീകരണം*: ഈ ഖണ്ഡത്തിന്റെ ആവശ്യത്തിനായി മുതിർന്ന പൗരൻമാർ എന്ന സംജ്ഞയ്ക്ക് യഥാക്രമം അറുപതു വയസിനും അറുപത്തിയഞ്ചു വയസിനും മുകളിൽ പ്രായമായ സ്ത്രീ-പുരുഷന്മാർ എന്നർത്ഥമാകുന്നു."

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 93, 94 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

4-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, 101 (a) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(101) (a) ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 90(1) (എച്ച്)-ൽ "പ്രതിഫലം പറ്റുന്ന" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, 105-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(105) ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യപ്പെടാനുദ്ദേശിക്കുന്ന 90-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് (എച്ച്) ഇനത്തിൽ "പറ്റുന്ന" എന്ന വാക്കിനും "അഭിഭാഷകനായി" എന്ന വാക്കിനും ഇടയിൽ "മുനിസിപ്പാലിറ്റിയുടെ മാത്രം" എന്ന് ചേർക്കേണ്ടതാണ്.

നേരത്തെ പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. 90-ാം വകുപ്പ് എന്നുള്ളത് സ്ഥാനാർത്ഥികളുടെ അയോഗ്യത സംബന്ധിച്ചുള്ളതാണ്. മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകന് സ്ഥാനാർത്ഥിയായി നിന്നാൽ അയോഗ്യത വരും. എന്നാൽ മുനിസിപ്പാലിറ്റിക്ക് എതിരായിട്ട് കേസ് നടത്തുന്ന അഭിഭാഷകന് അയോഗ്യതയില്ല. അതേസമയം കൗൺസിലർമാരെ സംബന്ധിച്ചിടത്തോളം കൗൺസിലർമാരുടെ അയോഗ്യത സംബന്ധിച്ചു പറയുന്ന 91-ൽ ഇവർക്ക് രണ്ടുപേർക്കും അയോഗ്യതയുണ്ട്. മുനിസിപ്പാലിറ്റിക്കുവേണ്ടി കേസ് നടത്തുന്ന അഭിഭാഷകനും, എതിരായിട്ട് കേസ് നടത്തുന്ന അഭിഭാഷകനും കൗൺസിലർ എന്ന നിലയിൽ അയോഗ്യത വരും. അതുകൊണ്ട് എന്റെ ഭേദഗതി മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന മുനിസിപ്പാലിറ്റിയുടെ മാത്രം അഭിഭാഷകനായി നിയോഗിക്കപ്പെട്ടിരുന്നുവെങ്കിൽ എന്നുള്ള നിലയ്ക്കാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ഭേദഗതി സ്വീകരിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 106-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(106) ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യപ്പെടാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 90-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് (എച്ച്) ഇനത്തിൽ "അഭിഭാഷകനായി" എന്ന വാക്കിനു പകരം "അഭിഭാഷകനായി തൊട്ടുമുമ്പുള്ള അഞ്ചുവർഷക്കാലത്തിനുള്ളിൽ" എന്ന് ചേർക്കേണ്ടതാണ്.

'ആ മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി നിയമിക്കപ്പെട്ടിരുന്നെങ്കിൽ' എന്നാണ് ഇതിനകത്ത് പറയുന്നത്. എന്റെ ഭേദഗതി 'അഭിഭാഷകനായി' എന്ന വാക്കിനു പകരം 'അഭിഭാഷകനായി തൊട്ടു മുൻപുള്ള അഞ്ച് വർഷക്കാലത്തിനുള്ളിൽ' എന്ന് ചേർക്കണം എന്നാണ്. അങ്ങനെയുള്ള ആള് ഈ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ അയാളെ ഡീ-ബാർ ചെയ്യാവു. മുനിസിപ്പാലിറ്റിക്ക് ചില കാര്യങ്ങൾക്ക് ചില പ്രത്യേക വക്കീലൻമാരെവച്ച് വാദിക്കേണ്ടിവരും. ചില പ്രമുഖമായ കേസ് വരുമ്പോൾ മുനിസിപ്പാലിറ്റിക്ക് കൗൺസിൽ ഉണ്ടാകും. ആ കേസ് ആ അഭിഭാഷകനെക്കൊണ്ട് വാദിക്കാൻ കഴിയില്ല എന്ന് മുനിസിപ്പാലിറ്റിക്ക് തോന്നിയാൽ മറ്റേതെങ്കിലും അഭിഭാഷകനെ വച്ച് കേസ് പരിഗണിക്കേണ്ടിവന്നാൽ അങ്ങനെയുള്ള ആളുകൾക്കൊന്നുംതന്നെ തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ പറ്റില്ലെന്നുള്ള സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്. ഇതുമൂലം നല്ല അഭിഭാഷകൻമാരെ ഇത്തരം സ്ഥാപനങ്ങളിൽ കേസ് വാദിക്കാൻ കിട്ടാത്ത സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഇതിന് ഇടവരാത്തവിധത്തിൽ എന്റെ ഭേദഗതി അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, 107-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(107) ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യപ്പെടാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 90-ാം വകുപ്പിലെ (1) ഉപവകുപ്പ് (എച്ച്)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക: "എന്നാൽ ഇപ്പോൾ കേസ് വാദിക്കുന്നതിൽനിന്ന് ഒഴിവായിട്ടുണ്ടെങ്കിൽ അയാൾക്ക് മത്സരിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്".

ശമ്പളം ഇല്ല. ഓരോരോ കേസിനും അവർക്ക് കൊടുക്കുന്ന കാശാണ്. അവരെ ഡിസ്ക്വാളിഫൈ ചെയ്യുന്നതിൽ ഒരു അർത്ഥവുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 109-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(109) ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യപ്പെടാനുദ്ദേശിക്കുന്ന 90-ാം വകുപ്പ് (1) ഉപവകുപ്പിലെ (എച്ച്) ഇനം താഴെപ്പറയുംപ്രകാരം മാറ്റി എഴുതണം: "ആ മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി സ്ഥിരമായി നിയോഗിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ; എന്നാൽ"

ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ സ്ഥിരമായിട്ട് ഏതെങ്കിലും കേസിനുവേണ്ടി വക്കീലന്മാരെ ഏൽപ്പിക്കുന്നതും സ്ഥിരമായിട്ട് അവരെ നിർത്തുന്നതുമായ രീതി ചില മുനിസിപ്പാലിറ്റികളിലുണ്ട്. അത്തരത്തിലുള്ള അഭിഭാഷകർക്ക് ഇതുസംബന്ധിച്ച് ചില റെസ്ട്രിക്ഷൻ വരുത്താമെന്നുള്ളതല്ലാതെ ഓരോരോ കേസിനുമുള്ള അഭിഭാഷകർക്ക് തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ പാടില്ലെന്ന് പറയുന്നത് ശരിയല്ല. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിവിധ മേഖലകളിൽനിന്ന് വരുന്ന ധാരാളം അഭിഭാഷകർ മൽസരിക്കുന്നുണ്ട്. അതിന് അയോഗ്യത കൽപ്പിക്കുന്നത് തെറ്റായ നടപടിയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* ഭേദഗതികൾ സ്വീകാര്യമല്ല. ഇവിടെ അവതരിപ്പിച്ച ഭേദഗതിയുടെ ഉദ്ദേശം, സ്ഥാനാർത്ഥിയായി മൽസരിക്കുമ്പോൾ മുനിസിപ്പാലിറ്റിക്ക് എതിരെ കേസ് വാദിക്കുന്ന ആള് അതിന് അയോഗ്യതയായി കണക്കാക്കുന്നില്ല. കൗൺസിലറാകുമ്പോൾ മുനിസിപ്പാലിറ്റിയിലുള്ള കൗൺസിലർ മുനിസിപ്പാലിറ്റിക്ക് എതിരെ കേസ് വാദിക്കുന്നതിൽ ഇഷ്ടപ്പെടുന്നതിൽ അനൗചിത്യമുണ്ട്. അത് വളരെ ആലോചിച്ചു തന്നെയാണ് കൊണ്ടുവന്നത്. ഇപ്പോൾ മൽസരിക്കുന്ന ആള് കേസിൽനിന്ന് ഒഴിവായിട്ടുണ്ടെങ്കിൽ അയാൾക്ക് മൽസരിക്കാൻ കഴിയും.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 101(a) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(112) ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 91 (എഫ്)-ൽ

"മുനിസിപ്പാലിറ്റിയുടെ പദ്ധതിയോ" എന്നീ വാക്കുകൾക്കു പകരം "മുനിസിപ്പാലിറ്റിയുടെ ഏതെങ്കിലും പദ്ധതിയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 113-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(113) ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 91 (എഫ്)-ൽ

"മുനിസിപ്പാലിറ്റിയുടെ പദ്ധതിയോ പണിയോ" എന്നതിനുശേഷം "സർക്കാർ അനുവദിക്കുന്നതോ മറ്റുതരത്തിലോ" എന്നുകൂടി ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(114) ഖണ്ഡം 5 പ്രകാരം മാറ്റിച്ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 91 (എഫ്)-ൽ "നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ ആ മുനിസിപ്പാലിറ്റിയുമായി കരാറിലോ പണിയിലോ ഏർപ്പെട്ടിരിക്കുകയോ" എന്നീ വാക്കുകൾക്കു പകരം ചുവടെ പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്:

"നടത്തി കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ മുനിസിപ്പാലിറ്റിക്ക് നഷ്ടം വരുത്തുകയോ ചെയ്തിട്ടുള്ള ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനറോ"

ശ്രീ. എം. വി. ജയരാജൻ: സർ, 116-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(116) ഖണ്ഡം 5 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 91(എഫ്)-ൽ

"ഏർപ്പെട്ടിരിക്കുകയോ" എന്ന വാക്ക് ഒഴിവാക്കി പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്:

"ഏർപ്പെട്ടിരിക്കുകയും എന്നാൽ കരാർ ലംഘനം നടത്തുകയോ അതു കാരണം മുനിസിപ്പാലിറ്റിക്ക് സാമ്പത്തികവും അല്ലാതെയുമുള്ള നഷ്ടം ഉണ്ടാക്കുകയോ"

LIBRARY ARCHIVES Kerala Legislative Assembly

ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം "മുനിസിപ്പാലിറ്റിയുടെ പദ്ധതിയോ പണിയോ നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ ആ മുനിസിപ്പാലിറ്റിയുമായി കരാറിലോ പണിയിലോ ഏർപ്പെട്ടിരിക്കുകയോ" എന്ന നിലയ്ക്കാണ്. ഇപ്പോൾ ഒരുപാട് ഗുണഭോക്തൃ കമ്മിറ്റികളും ഇതിൽ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകൻമാരുണ്ട്. നല്ല നിലയിൽത്തന്നെ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നവരുണ്ട്. അതിലേക്ക് നമുക്ക് ചെയ്യാൻ പറ്റുന്ന ഒരു കാര്യം "ഏർപ്പെട്ടിരിക്കുകയും എന്നാൽ കരാർ ലംഘനം നടത്തുകയും ചെയ്യുന്ന, അതുവഴി മുനിസിപ്പാലിറ്റിക്ക് നഷ്ടം വരുത്തുകയോ ചെയ്ത" എന്ന വിധത്തിൽ ഒരു ഭേദഗതി വരുത്തുന്നില്ലെങ്കിൽ ഗുണഭോക്തൃ കമ്മിറ്റികളുടെ പ്രവർത്തനംതന്നെ അവതാളത്തിലാകും. ധാരാളം പൊതുപ്രവർത്തകൻമാർ അവരുടെ സേവനം വിനിയോഗിക്കാൻ പറ്റുന്നവിധത്തിൽ മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. അതുകൊണ്ട് തീർച്ചയായും ഇത് തത്ത്വത്തിൽ അംഗീകരിക്കുന്നു. പക്ഷേ "കരാർ ലംഘനം നടത്തുകയോ മുനിസിപ്പാലിറ്റിക്ക് നഷ്ടം വരുത്തുകയോ ചെയ്യുന്ന ആൾക്കും" എന്നുകൂടി കൂട്ടിച്ചേർത്താൽ അത് വ്യക്തമായിട്ടുള്ള ഒരു വകുപ്പായിട്ട് മാറും.

ശ്രീ. എം. എ. വാഹീദ്: 117-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(117) ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 91 (എഫ്) താഴെപറയും പ്രകാരം മാറ്റുക:

"അല്ലെങ്കിൽ ഈ ആക്ടിൽകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയുടെ ഏതെങ്കിലും പദ്ധതികളോ പണികളോ ഏറ്റെടുത്ത് നടത്തുന്ന ഏതെങ്കിലും ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ ആ മുനിസിപ്പാലിറ്റിയുമായി കരാറുകളിലോ പണികളിലോ ഏർപ്പെട്ടിരിക്കുകയോ"

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി*): ഭേദഗതികൾ സ്വീകാര്യമല്ല. ഈ വകുപ്പ് വളരെ വ്യക്തമാണ്. മുനിസിപ്പാലിറ്റിയുമായും പഞ്ചായത്തുമായും കരാറിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഒരാൾ കൗൺസിലറായിട്ട് സഭയിലേക്ക് കയറിവരുമ്പോൾ ചില താൽപ്പര്യങ്ങളൊക്കെ ഉണ്ടാകും. അതുകൊണ്ട് സാധാരണനിലയിൽ അത് ആവശ്യമില്ല എന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ അത് തത്ത്വത്തിൽ അംഗീകരിച്ചിരിക്കുന്നതുകൊണ്ട് ഒരു ഭേദഗതിയും സ്വീകാര്യമല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. എം. എം. ഹസ്സൻ: സർ, 118-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(118) ഖണ്ഡം 6 (1) പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 128 (1) (എഎ) വകുപ്പിൽ

"വോട്ടു രേഖപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ" എന്നതിനുശേഷം "പ്രവർത്തിക്കാത്ത വിധത്തിൽ" എന്നു ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, 121, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(121) ഖണ്ഡം 6 (1) പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 128 (1) (എഎ) വകുപ്പിൽ "സാങ്കേതിക" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

(123) ഖണ്ഡം 6 (2) പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 128 (2) (ബി)-ൽ "സാങ്കേതിക" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 121, 123 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(125) ഖണ്ഡം 7 പ്രകാരം കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 130 എ വകുപ്പിൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നീ വാക്കുകൾക്ക് പകരം

LIBRARY ARCHIVES Kerala Legislative Assembly

"ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക. വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നത് സംബന്ധിച്ചാണ് ഇവിടെ പറയുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുപ്പിൽ ആദ്യമായി നമ്മുടെ സംസ്ഥാനത്ത് വോട്ടിംഗ് യന്ത്രം ഉപയോഗിക്കുക എന്നുള്ള സ്ഥിതിയാണ് വരാൻപോകുന്നത്. അങ്ങനെ വരുമ്പോൾ ഇത് വളരെ കരുതലോടുകൂടി ചേർക്കേണ്ടുന്ന ഒരു വകുപ്പാണ്. ഇതിൽ പറയുന്നത് ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഓരോ പ്രദേശത്തെയും സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന ഏതൊരു തെരഞ്ഞെടുപ്പിലും നിർണ്ണയിക്കപ്പെടാവുന്ന എന്നതിന് പകരം വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് വോട്ട് നൽകുകയും വോട്ട് രേഖപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായം സ്വീകരിക്കാവുന്നതാണ് എന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെ ഇത് ബാധകമാകണമെന്നില്ല. ഓരോ പ്രദേശത്തും സാഹചര്യങ്ങൾ നോക്കി ചെയ്താൽ മതി എന്നാണ് ഇതിൽ പറയുന്നത്. മാത്രമല്ല, അപകടകരമായ ഒന്ന് കാണുന്നു. നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം എന്നുപറഞ്ഞാൽ ഇത് ദുർവ്യാഖ്യാനിക്കപ്പെടും. അങ്ങനെ വരുമ്പോൾ അവ്യക്തത ഒഴിവാക്കാൻ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എന്നു വേണം. ഇല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന എന്നു പറഞ്ഞാൽ മുസ്ലീം ലീഗ് ഓഫീസ് നിർദ്ദേശിക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കപ്പെടും. മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള തീരുമാനം നടപ്പിലാക്കപ്പെടും നിർണ്ണയിക്കാവുന്ന എന്നു പറഞ്ഞാൽ എന്ത് നിർണ്ണയം? മുസ്ലീം ലീഗിന്റെ കമ്മിറ്റി കൂടിയിട്ട് മന്ത്രിയോട് പറയുന്നു, നിങ്ങൾ ഇങ്ങനെ ചെയ്യുക എന്നു പറഞ്ഞാൽ അതാണ് നിർണ്ണയിക്കാവുന്ന സ്ഥിതി വരാൻ പോകുന്നത്. അങ്ങനെ ഈ ബില്ലിനകത്ത് എഴുതിച്ചേർത്തത് ശരിയല്ല. അതുകൊണ്ട് നിയമമുണ്ടാക്കുമ്പോൾ വ്യക്തത വേണം. വ്യക്തത വേണമെങ്കിൽ നമുക്ക് ചെയ്യാൻ സാധിക്കുന്നത് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള നടപടികൾ മാത്രം ഇവിടെ പാലിക്കുക എന്നുള്ളതാണ്. ഇല്ലെങ്കിൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ഒരു തീരുമാനമെടുക്കും; നമ്മുടെ സംസ്ഥാനത്ത് വേറൊന്ന് വരും; ആകെ അരാജകത്വമായിരിക്കും വരാൻപോകുന്നത്. വോട്ടിംഗ്, യന്ത്രം ഉപയോഗിക്കുന്ന കാര്യത്തിൽ അവ്യക്തത വന്നുകഴിഞ്ഞാൽ സംഭവിക്കാൻ പോകുന്നത്, വോട്ട് ചെയ്തുകൊണ്ടിരിക്കുമ്പോൾ മെഷീൻ കേടാകും. അപ്പോൾ എന്തു ചെയ്യും? ഇപ്പോൾത്തന്നെ കുത്തുപറമ്പിലും അഴീക്കോടും ഇലക്ഷൻ നടന്നപ്പോൾ രണ്ട് സ്ഥലത്ത് വോട്ടിംഗ് യന്ത്രം കേടായി. അവസാനം അതിന്റെ കൗണ്ടിംഗ് പോലും നടന്നില്ല. യഥാർത്ഥത്തിൽ പാർലമെന്റിലും അസംബ്ളിയിലുമൊക്കെയാകുമ്പോൾ ഒരു ബൂത്തിൽ കേടായിക്കഴിഞ്ഞാലും ഭൂരിപക്ഷം വോട്ട് നോക്കി നമുക്ക് തീരുമാനമെടുക്കാം. ഒരു വോട്ടിന്റെ വ്യത്യാസത്തിലായിരിക്കും ഒരു വാർഡിൽ തോൽവിയും ജയവും തീരുമാനിക്കുന്നത്. അങ്ങനെ വരുമ്പോൾ ഒരു വാർഡിൽ ഇലക്ഷൻ യന്ത്രം ഉപയോഗിച്ച് വോട്ടിംഗ് ആരംഭിച്ചുകഴിഞ്ഞപ്പോൾ തകരാറായി. അപ്പോൾ നിർണ്ണയിക്കപ്പെടാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞാൽ എന്തുവരും? നടത്തിയ സ്ഥലത്ത് നിർത്തുക എന്നുപറഞ്ഞാൽ എന്തു സംഭവിക്കും? ഭരണകക്ഷിക്കാരുടെ ആളുകളെല്ലാം തന്നെ വോട്ട് ചെയ്തു. അതിനുശേഷമാണ് യന്ത്രം തകരാറാകുന്നതെങ്കിൽ ഇനി നിർത്തി എന്നുപറഞ്ഞാൽ അത് കൗണ്ട് ചെയ്യണ്ടേ? വളരെ അപകടകരമായ സ്ഥിതിവിശേഷമാണിത്. അതുകൊണ്ട് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ വോട്ടിംഗ് യന്ത്രം ഉപയോഗിക്കാൻ പാടുള്ളൂ. അതിന് വിരുദ്ധമായി വന്നാൽ വളരെ അപകടകരമായ സ്ഥിതിയുണ്ടാകും. അത് നമ്മുടെ സംസ്ഥാനത്ത് ഇലക്ഷൻ പ്രക്രിയ തന്നെ താറുമാറാക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഈ ക്ലാസ് ഇത്തരത്തിൽ മാറ്റണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(126) ഖണ്ഡം 7 പ്രകാരം ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 130-ാം വകുപ്പിനുശേഷം 130 (എ) ആയി ചേർക്കുന്ന പുതിയ വകുപ്പിൽ "വോട്ട് നൽകുകയും" എന്നതിനുപകരം "വോട്ട് ചെയ്യുകയും" എന്ന് ചേർക്കേണ്ടതാണ്.

ശ്രീ. പി. കെ. കെ. ബാവ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(129) ഖണ്ഡം 7 പ്രകാരം കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 130 (എ) യിൽ "വോട്ട് രേഖപ്പെടുത്തുകയും ചെയ്യുന്ന" എന്നീ വാക്കുകൾക്ക് പകരം "വോട്ട് രേഖപ്പെടുത്തുകയും എണ്ണം തിട്ടപ്പെടുത്തുകയും ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(136) ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന 130 (എ) വകുപ്പിന്റെ വിശദീകരണം "വോട്ടുകൾ നൽകുന്നതിനോ" എന്നീ വാക്കുകൾക്കുപകരം "വോട്ടു നൽകുന്നതിനോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(137) ഖണ്ഡം 7 പ്രകാരം കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 130 (എ) വകുപ്പിനുശേഷം താഴെപ്പറയുന്നത് ചേർക്കുക:

"130 (ബി) വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നതിന് വോട്ടർമാരെ ബോധവൽക്കരിക്കുന്നതിനും മോഡൽ യന്ത്രം സ്ഥാനാർത്ഥികൾക്ക് നേരത്തെതന്നെ ലഭ്യമാക്കുവാനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ചുമതലയുണ്ടായിരിക്കുന്നതാണ്."

LIBRARY ARCHIVES Kerala Legislative Assembly

(138) ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 130 (എ) ക്കും (ബി) ക്കും ശേഷം താഴെപ്പറയുന്ന 130 (സി) ആയി ചേർക്കുക.

ഖണ്ഡം 7 "130 (സി)"

"വോട്ടിംഗ് യന്ത്രത്തിന്റെ സാമ്പിൾ മോഡൽ വോട്ടർമാരെ പഠിപ്പിക്കുന്നതിനായി സ്ഥാനാർത്ഥികൾക്ക് നൽകേണ്ടതാണ്." .

ഇതിൽ ഇത് പഠിപ്പിക്കുന്ന പ്രക്രിയകൂടിയുണ്ട്. വോട്ട് ചെയ്യാൻ സാമ്പിൾ ബാലറ്റ് ഇലക്ഷൻ സമയത്ത് കൊടുക്കുക എന്നുള്ളത് ഇലക്ഷന്റെ റൂൾസിലുള്ളതാണ്. യന്ത്രം ചെലവേറിയതാണ്. അത് വോട്ടർമാരെ പഠിപ്പിച്ചു കൊടുക്കുന്ന ഒരു സമ്പ്രദായമുണ്ട്. തൃശൂർ കോർപ്പറേഷനിൽ കഴിഞ്ഞ പ്രാവശ്യം യന്ത്രം ഉപയോഗിച്ചാണ് ഇലക്ഷൻ നടന്നത്. ശ്രീ. കോടിയേരി ഇവിടെ സൂചിപ്പിച്ചപോലെ നാലോ അഞ്ചോ വാർഡിൽ ഒരു വോട്ടിനോ രണ്ട് വോട്ടിനോ ആണ് ജയിച്ചത്. അവിടെ തർക്കമുണ്ടായി. യന്ത്രം കേടായ വാർഡിൽ ഇലക്ഷൻമാറ്റി വച്ചു. അതുകൊണ്ട് ഒരുപാട് ആശയക്കുഴപ്പമുണ്ടായതിന്റെ അനുഭവം വച്ചുകൊണ്ട് പറയുകയാണ്, ഇത് പഠിപ്പിക്കണം. യന്ത്രം കുറ്റമറ്റരീതിയിൽ ഉപയോഗിക്കാൻ അതിനാവശ്യമായ സംവിധാനം കൂടിവേണം. ബിൽ എടുക്കുമ്പോൾ അതുകൂടി പരിഗണിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: ഭേദഗതികളൊന്നും സ്വീകരിക്കത്തക്കതായി കാണുന്നില്ല. നിർണ്ണയിക്കപ്പെടാവുന്ന എന്ന പദത്തിന് യാതൊരു വിധത്തിലുള്ള ദുരുദ്ദേശവുമില്ല. ചട്ടങ്ങൾ ഉണ്ടാക്കുന്ന വിധം എന്നാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഇലക്ഷൻ നടത്തുന്ന സമയത്ത് യാതൊരു വിധത്തിലുള്ള ഇടപെടലും നടക്കുന്നില്ല. ഇവിടെ ഒരു കാര്യം ഞാൻ വിവാദം ഉണ്ടാക്കാൻവേണ്ടി പറയുകയല്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുമായി ബന്ധപ്പെട്ട് എന്റെ ഓർമ്മയിൽ വരുന്ന ഒരു കാര്യം പറയാം. പരേതനായ രാജീവ് ഗാന്ധിയുടെ അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട ബിൽ വന്നപ്പോൾ അന്നത്തെ ഇടതുപക്ഷം രണ്ട് കാരണങ്ങൾ കൊണ്ടാണ് അതിനെ എതിർത്തത്. (1) സെൻട്രൽ ഇലക്ഷൻ കമ്മീഷന് ഇലക്ഷന്റെ നിയന്ത്രണം കൊടുത്തു. (2) സി.എ.ജി. ഓഡിറ്റ് ചെയ്യുന്നു. ഇപ്പോൾ അദ്ദേഹം ഭേദഗതി പറഞ്ഞത് സെൻട്രൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. ബംഗാളിൽ ഇപ്പോൾ സി.എ.ജി. ആണ് ഓഡിറ്റ് നടത്തുന്നത്. അവർ നിയമമുണ്ടാക്കി. ഇപ്പോൾ സെൻട്രൽ ഇലക്ഷൻ കമ്മീഷൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളത്, ഏതായാലും കാലം മാറുന്നതനുസരിച്ച് പുരോഗതിയും ഉണ്ടാകുന്നുണ്ട്. ചിന്താഗതിയിലും പുരോഗതി ഉണ്ടാകുന്നുണ്ട്. എനിക്ക് വളരെയധികം സന്തോഷമുണ്ട്. ഏതായാലും അദ്ദേഹം ഇവിടെ കുസൃതിക്കുവേണ്ടി പറഞ്ഞതാണെങ്കിലും മുസ്ലീംലീഗ് ഓഫീസിൽ നിന്ന് അങ്ങനെയാതൊരു വിധത്തിലുള്ള നിർദ്ദേശവും പുറപ്പെടുവിക്കില്ല എന്നുള്ളത് എന്നേക്കാൾ ശ്രീ. കോടിയേരിക്ക് അറിയാം. അതുകൊണ്ട് അതേക്കുറിച്ച് പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 137, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ —41

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, എ. പി. അനിൽകുമാർ
4. ,, കെ. ബാബു
5. ,, പി. കെ. കെ. ബാവ
6. ,, ഡൊമിനിക് പ്രസന്റേഷൻ
7. ,, പ്രയാർ ഗോപാലകൃഷ്ണൻ
8. ,, എം. എം. ഹസൻ
9. ,, ഇസ്ഹാക് കുരിക്കൾ
10. ,, ജോസഫ് എം. പുതുശ്ശേരി
11. ,, പി. ജെ. ജോയി
12. ,, ഉമ്മൻ ചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. വി. ജെ. പൗലോസ്
14. ,, ടി. എൻ. പ്രതാപൻ
15. ,, വക്കം പുരുഷോത്തമൻ
16. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
17. ,, എം. വി. രാഘവൻ
18. ,, വർക്കല കഹാർ
19. ,, ജി. കാർത്തികേയൻ
20. ,, കെ. കെ. നായർ
21. ,, പി. കെ. കുഞ്ഞാലിക്കുട്ടി
22. ,, കെ. കുട്ടി അഹമ്മദ് കുട്ടി
23. ,, ലൂഡി ലൂയിസ്
24. ,, സി. മമ്മൂട്ടി
25. ,, കെ. മുഹമ്മദാലി
26. ,, ഇ. ടി. മുഹമ്മദ് ബഷീർ
27. ,, ആര്യാടൻ മുഹമ്മദ്
28. ,, എം. കെ. മുനീർ
29. ,, നാലകത്ത് സൂപ്പി
30. ,, കെ. സുധാകരൻ
31. ,, എ. സുജനപാൽ
32. ,, സി. എഫ്. തോമസ്
33. പ്രൊഫ. കെ. വി. തോമസ്
34. ശ്രീ. തമ്പാനൂർ രവി
35. ,, എൻ. ശക്തൻ
36. ,, വി. ഡി. സതീശൻ
37. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
38. ശ്രീ. തോമസ് ചാഴികാടൻ
39. ,, ഉമേഷ് ചള്ളിയിൽ
40. ,, എം. എ. വാഹീദ്
41. ,, കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ —26

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
8. ശ്രീ. കെ. കെ. ജയചന്ദ്രൻ
9. ,, എം. വി. ജയരാജൻ
10. ,; പി. ജയരാജൻ
11. ,, കെ. വി. കുഞ്ഞിരാമൻ
12. ,, കോവൂർ കുഞ്ഞുമോൻ
13. ,, വി. കെ. സി. മമ്മത്കോയ
14. ,, മത്തായി ചാക്കോ
15. ,, എ. സി. മൊയ്തീൻ
16. ,, പിരപ്പൻകോട് മുരളി
17. ,, സി. കെ. നാണു
18. ,, എം. പ്രകാശൻ മാസ്റ്റർ
19. ,, കെ. രാധാകൃഷ്ണൻ
20. ,, മാങ്കോട് രാധാകൃഷ്ണൻ
21. ,, കെ. പി. രാജേന്ദ്രൻ
22. ,, സാജു പോൾ
23. ,, കെ. പി. സതീശ് ചന്ദ്രൻ
24. ,, എ. സി. ഷൺമുഖദാസ്
25. ,, പി. എസ്. സുപാൽ
26. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ — 41

പ്രതികൂലിക്കുന്നവർ — 26

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(139) 8-ാം ഖണ്ഡപ്രകാരം ചേർക്കപ്പെടാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 565-ാം വകുപ്പിലെ (2) (എഎ) ഉപവകുപ്പിൽ "വോട്ടുകൾ നൽകേണ്ടതും" എന്നീ വാക്കുകൾക്കുപകരം "വോട്ടുകൾ ചെയ്യേണ്ടതും" എന്ന് ചേർക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(140) 8-ാം ഖണ്ഡപ്രകാരം ചേർക്കപ്പെടാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 565-ാം വകുപ്പിലെ (2) (എഎ) ഉപവകുപ്പിൽ "വോട്ടുകൾ നൽകേണ്ടതും രേഖപ്പെടുത്തേണ്ടതുമായ രീതികൾ" എന്നീ വാക്കുകൾക്കുപകരം "വോട്ടുകൾ രേഖപ്പെടുത്തേണ്ട രീതികൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(141) 8-ാം ഖണ്ഡ പ്രകാരം ചേർക്കപ്പെടാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 565-ാം വകുപ്പിലെ (2) (എഎ) ഉപവകുപ്പിലെ "സംബന്ധിച്ചും" "അങ്ങനെയുള്ള യന്ത്രങ്ങൾ" എന്നീ വാക്കുകൾക്കിടയിൽ ചുവടെ പറയുന്ന വാക്കുകൾ കൂടി ചേർക്കേണ്ടതാണ്:

"വോട്ടിംഗ് യന്ത്രം പ്രവർത്തിപ്പിക്കുന്ന രീതികൾ സംബന്ധിച്ചും."

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: ഭേദഗതികൾ സ്വീകരിക്കാവുന്നവയല്ല.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ എന്റെ 143, 144 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(143) 8-ാം ഖണ്ഡപ്രകാരം ചേർക്കപ്പെടാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 565-ാം വകുപ്പിലെ (2) (എഎ) ഉപവകുപ്പിലെ "അല്ലെങ്കിൽ സ്ഥലങ്ങളിൽ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(144) ഖണ്ഡം 9-ൽ "2001 ജൂലൈ 17-ാം തീയതി പ്രാബല്യം ഇല്ലാതായി തീർന്നിരുന്നാൽ തന്നെയും" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2001 ജൂലൈ 17-ാം തീയതി മുതൽ പ്രാബല്യം ഇല്ലാതായി തീർന്നിരുന്നാൽ തന്നെയും" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ എന്റെ 145-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(145) ഖണ്ഡം 9(1)(ബി) യിൽ "പ്രസ്തുത ഓർഡിനൻസ്" എന്നതിനുപകരം "പ്രസ്തുത ഓർഡിനൻസിന്" എന്നു ചേർക്കുക.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 143, 144 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ എന്റെ 81, 83 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(81) പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്ന വാക്കിനുശേഷം "മാത്രം" എന്ന വാക്കുംകൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(83) ഖണ്ഡം 1(2)-ൽ "ഉടൻ" എന്ന വാക്കിനുപകരം "ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ" എന്ന് ചേർക്കുക.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ എന്റെ 85-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(85) ഖണ്ഡം 1(2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

" (2) ഈ ആക്ടിലെ 6, 7, 8 എന്നീ വകുപ്പുകൾ 2005 ആഗസ്റ്റ് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്നവ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്."

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 81, 83 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 85-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (*ശ്രീ. ഡൊമിനിക് പ്രസന്റേഷൻ*): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങൾക്ക് മൂന്നാം വായനയിൽ സംസാരിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് എല്ലാ ബില്ലുകളും കൂടെ ചേർത്ത് ഒടുവിൽ മൂന്നാം വായനയിൽ സംസാരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

GPM. 2/608/2012—31

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ പാസ്സാക്കിയിരിക്കുന്നു.

2. 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, 2005-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (*ശ്രീ. ഡൊമിനിക് പ്രസന്റേഷൻ*): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. തോമസ് ചാഴികാടൻ]

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഇന്നലെ ഞങ്ങൾ ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങൾക്കും ഇതിന് മുമ്പ് പല സന്ദർഭങ്ങളിലും ഉന്നയിച്ച കാര്യങ്ങൾക്കുമൊന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വ്യക്തമായ ഉത്തരം കിട്ടിയിട്ടില്ല. ഇവിടെ പല കാര്യങ്ങളിലും പ്രത്യേകിച്ച് ജനങ്ങളുമായി ബന്ധപ്പെട്ട ജനകീയ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ വളരെ നിഷേധാത്മകമായ നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഇന്നലെ ഇവിടെ ബഹു. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ആവർത്തിച്ചുപറഞ്ഞു, ഇനി എല്ലാത്തരം പെൻഷനുകളും കുടിശ്ശികയില്ലാതെ കൃത്യമായി നൽകുമെന്ന്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട 2 കാര്യങ്ങളിൽ; കർഷകത്തൊഴിലാളി പെൻഷന്റെ കാര്യത്തേയും തൊഴിലില്ലായ്മാ വേതനത്തിന്റെ കാര്യത്തേയും സംബന്ധിച്ച് വ്യക്തമായി മറുപടി പറഞ്ഞില്ല. അതിനേക്കാൾ ഗൗരവമായിട്ടുള്ള വിഷയം, ക്ഷേമനിധിബോർഡുമായി ബന്ധപ്പെട്ടുള്ള ഒരു സബ്മിഷന് ഇന്ന് ബഹു. തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ മറുപടിയായി പറഞ്ഞത്, കർഷകത്തൊഴിലാളികൾക്കുള്ള യാതൊരുവിധ ആനുകൂല്യങ്ങളും നൽകാൻ ഈ സർക്കാർ തയ്യാറല്ല എന്നാണ്. എന്നുമാത്രമല്ല ഇവിടെ സുനാമിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒരുപാട് കാര്യങ്ങൾ ചർച്ചയിൽ വന്നു. ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച ഒരു സബ്മിഷന് മറുപടിയായി

1.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly